**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3970** **17-03-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി, കരാറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, പൂർത്തീകരണ കാലാവധി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ? | (എ) | കിഫ്ബി മുഖേന കായംകുളം താലൂക്കാശുപത്രിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് GO(Rt) No. 2074/2019/H&FWD തീയതി 24/08/2019 ഉത്തരവ് പ്രകാരം 64.70 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ള ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 04/03/2020 തീയതിയിലെ GO (Rt) No. 500/2020/H&FWD നമ്പർ ഉത്തരവുപ്രകാരം നൽകുകയും ഇതിന്റെ നിർമ്മാണ ജോലികൾ 21/07/2021 ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി (SPV). ജി. കെ. വി അസോസിയേറ്റ്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനമാണ് ഈ പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി നിർമ്മാണ പ്രവൃത്തിയുടെ നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 30/06/2024 ആയിരുന്നു. നിലവിലെ തീരുമാന പ്രകാരം സിവിൽ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിന് 30/06/2025 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതുവരെ 64% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ കെ. എം. എസ്. സി. എൽ മുഖേനയാണ് ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കരാർ പ്രകാരം ഇലക് ട്രിക്കൽ ജോലികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും, പ്ലംബിംഗ് ജോലികൾ സിവിൽ കോൺട്രാക്ടറുമാണ് നിർവഹിക്കേണ്ടത്. G+3 ഫോർമാറ്റിൽ അഞ്ച് ബ്ലോക്കുകളായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, എച്ച് വി എ സി ഫയർ & സേഫ്റ്റി, ഇ എൽ വി, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പ്ലംബിംഗ്, ലിഫ്റ്റ്, മെഡിക്കൽ ഗ്യാസ് സർവ്വീസ്, ഫർണ്ണിച്ചർ വാങ്ങലും, കർട്ടൻ സ്ഥാപിക്കലും എന്നീ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ